(സി) നീതി മെഡിക്കൽ സ്റ്റോർ നടത്തുന്ന സഹകരണസംഘങ്ങളുടെ ഭരണസമിതിയാണ് ജീവനക്കാരെ തെരഞ്ഞെടുക്കുന്നത്.

(ഡി) സഹകരണസംഘങ്ങളുടെ ഭരണ സമിതിയാണ് നിയമനാധികാരി.

(ഇ) നീതിമെഡിക്കൽ സ്റ്റോറുകളിലേക്കുള്ള നിയമനങ്ങൾ കരാർ അടിസ്ഥാനത്തിലായതിനാൽ ജാതി സംവരണത്തിന്റെ പ്രശ്നം ഉദിക്കുന്നില്ല.

174 (2552) സഹകരണസംഘം ഇൻസ്പെക്ടർമാരുടെ റാങ്ക് ലിസ്റ്റ്

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണസംഘം ഇൻസ്പെക്ടർമാരുടെ റാങ്ക് ലിസ്റ്റ് പി.എസ്.സി.യിൽ ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഏറ്റവും അവസാനമായി സഹകരണസംഘം ഇൻപെക്ടർമാരുടെ പരീക്ഷ പി.എസ്.സി. നടത്തിയത് എന്നാണ്;

(സി) ഈ പരീക്ഷാഫലം പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഫലം പ്രസിദ്ധീകരിക്കുന്നതിന് കാലതാമസത്തിനുള്ള കാരണമെന്താണ്;

(ഡി) സഹകരണവകുപ്പിൽ ഇപ്പോൾ എത്ര ഇൻസ്പെക്ടർമാരുടെ ഒഴിവുണ്ട്;

(ഇ) ഈ തസ്തികയിലേക്കുള്ള ലിസ്റ്റ് ആവശ്യപ്പെട്ട് പി.എസ്.സി.ക്ക് കത്തെഴുതിയിരുന്നോ;

(എഫ്) ഇപ്പോഴത്തെ നിലയിൽ സഹകരണ സംഘം ഇൻസ്പെക്ടർമാരുടെ ലിസ്റ്റ് പി.എസ്.സി.ക്ക് എന്നു പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) 3.2.1996 ലാണ് അവസാനമായി പരീക്ഷ പി.എസ്.സി. നടത്തിയത്.

(സി) ഇല്ല. കാലതാമസം നേരിടുന്ന കാര്യം പി.എസ്.സി യുടെ ശ്രദ്ധയിൽ വരുത്തിയിട്ടുണ്ട്.

(ഡി) സഹകരണവകുപ്പിൽ ഇപ്പോൾ 371 ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികകൾ ഒഴിവുണ്ട്.

(ഇ) പ്രസ്തുത തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികളെ ശുപാർശ ചെയ്യുവാൻ പി.എസ്.സി യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(എഫ്) സഹകരണസംഘം ഇൻസ്പെക്ടർ/ഓഡിറ്റർമാരുടെ റാങ്ക് ലിസ്റ്റ് ഉടൻ പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് പി.എസ്.സി. സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

175 (2553) മലബാർ ക്യാൻസർ സെന്റർ

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly